കണക്കുകൾ സൂക്ഷിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 12-4-2006 -ലെ സ.ഉ(പി) നമ്പർ:177/06/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവ പാലിക്കുകയും ചെയ്യുന്നുണ്ട്. ഏതാനും ചില ഗ്രാമപഞ്ചായത്തുകളിലൊഴികെ മറ്റെല്ലാ സ്ഥാപനങ്ങളിലും കൃത്യമായി തന്നെ കണക്കെഴുതി സൂക്ഷിക്കുന്നുണ്ട്. (2008-09)- ൽ ഒരു ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തുകളും വാർഷിക ധനകാര്യപത്രിക തയ്യാറാക്കി ആഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. (2009-10)- ൽ ഇതുവരെ 363 ഗ്രാമപഞ്ചായത്തുകൾ വാർഷിക ധനകാര്യ പത്രിക ആഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. † മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അക്കൗണ്ട്സ് കൃത്യമായി ഇല്ല. അഞ്ച് കോർപ്പറേഷനുകളിലും രണ്ട് മുനിസിപ്പാലിറ്റികളിലും 1-4-2007 മുതൽ Double Entry Acounting System നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് നഗരസഭകളിൽ 1-4-2010 മുതൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കിത്തുടങ്ങി. പഞ്ചായത്തുകളിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കാൻ തീരുമാനിക്കുകയും അതിനുള്ള അക്കൗണ്ട്സ് റൂൾസ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി അക്കൗണ്ട് റൂൾസ് ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്.

(ഇ) ഉണ്ട്. നോട്ടിഫിക്കേഷൻ നമ്പർ 42650/Admn.A1/2009/Fin.Dated 19-9-2009 പ്രകാരം നോട്ടിഫിക്കേഷൻ തീയതി മുതൽ ഒരു വർഷമാണ് കമ്മീഷന്റെ കാലാവധി.

ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി

12 (*642) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി പ്രോത്സാഹനം നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ഹോട്ടലുകൾ നിർമ്മിക്കുന്നതിന് സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി, ഇലക്ട്രിസിറ്റി സബ്സിഡി എന്നിവ നിക്ഷേപകർക്ക് നൽകുന്നുണ്ടോ ;

(ഡി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) ഉണ്ട്. ടൂറിസം രംഗത്ത് സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള വിവിധ പദ്ധതികൾ ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് വഴി ആവിഷ്ക്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ടൂറിസം സാദ്ധ്യതകളുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ആദ്യ പദ്ധതിയായി വേളിയിൽ ഒരു രാജ്യാന്തര ഉല്ലാസകേന്ദ്രം സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയായി വരുന്നു. കൂടാതെ, ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി റിസോർട്ട് സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു നൽകിയിട്ടുണ്ട്.

(ബി) കേരളത്തിലെ ടൂറിസം സാദ്ധ്യതകളുള്ള പ്രദേശങ്ങളിൽ സ്വകാര്യ സംരംഭകരോടുചേർന്ന് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള ഹോട്ടൽ പദ്ധതികൾ ഉൾപ്പെടെ വിവിധ ടൂറിസം പദ്ധതികൾ സർക്കാർ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന ടൂറിസം സാദ്ധ്യതകളുള്ള ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടി.ആർ.കെ.എൽ വഴി നടപ്പിലാക്കുന്നതാണ്. കൂടാതെ, ബേക്കൽ ടൂറിസത്തിന്റെ ഭാഗമായി ഹോട്ടലുകൾ നിർമ്മിക്കുന്നതിന് സ്വകാര്യസംരംഭകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചുകഴിഞ്ഞു.

(സി) ഉണ്ട്.

(ഡി) വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ആയുധശേഖരം കണ്ടെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

13 (*643) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. പി. ജയരാജൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തീവ്രവാദികൾ ആയുധ ശേഖരണം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ബോംബുകളും ആയുധങ്ങളും സ്ഫോടക നിർമ്മാണ വസ്തുക്കളും കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം പ്രദേശങ്ങളിൽ നിന്നാണ് ആയുധ ശേഖരങ്ങൾ കണ്ടെത്തിയിട്ടുള്ളത് ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly